# പാതിവഴിയിൽ പഠനം മുറിഞ്ഞവർക്ക് അവസരവുമായി അൽഅമീൻ കോളജ്

എടത്തല ● പാതിവഴിയിൽ പഠനം മുറിഞ്ഞ മുതിർന്നവർക്ക് അതു പൂർത്തിയാക്കാൻ അൽഅമീൻ കോളജ് അവസരമൊരുക്കുന്നു. കോളജിലെ കമ്യൂണിറ്റി എക്സ്റ്റൻഷൻ സെല്ലാണ് ഇതിനു നേതൃത്വം നൽകുന്നത്. എൽപി, യുപി, ഹൈസ്കൂൾ പഠനം മുടങ്ങിയവർക്കു 4, 7, 10 തുല്യതാ കോഴ്സ് പാസാകാം.

10 പാസായവർക്കു പ്രത്യേക പരീക്ഷ വഴി ബിരുദവും ബിരുദാനന്തര ബിരുദവും നേടാം. സാക്ഷരതാ മിഷനുമായി ചേർന്നാണ് തുല്യതാ കോഴ്സുകൾ നടത്തുന്നത്.

ഡിഗ്രി കോഴ്സുകൾ ഇന്ദിരാ ഗാന്ധി നാഷനൽ ഓപ്പൺ സർവകലാശാലയുമായി സഹകരിച്ചാണു നടത്തുന്നത്. പഠനത്തിനുള്ള ഫീസിന്റെ പകുതി കോളജ് പിടിഎ വഹിക്കും.

ഇംഗ്ലിഷ്, സോഷ്യോളജി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, ഫിലോസഫി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കൊമേഴ്സ് എന്നിവയിലാണ് ബിരുദ കോഴ്സുകൾ. എം കോമിനു തത്തുല്യമായ പിജിഡിഐബിഒ ഡിപ്ലോമ കോഴ്സും ഉണ്ടാകും.

ഹയർ സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാകാത്തവർക്ക് 6 മാസത്തെ ബാച്ചിലേഴ്സ് പ്രിപ്പറേറ്ററി പ്രോഗ്രാമിൽ (ബിപിപി) ചേരാം. ജനനത്തീയതി തെളിയിക്കുന്ന രേഖ മാത്രമേ ഇതിന് ആവശ്യമുള്ളൂ. മക്കൾ പഠിക്കുന്ന സ്ഥാപനത്തിൽ രക്ഷിതാക്കളും പഠിക്കാനെത്തുന്നതു കുട്ടികളുടെ പഠന മനോഭാവത്തിൽ മാറ്റം സൃഷ്ടിക്കുമെന്നു കരുതുന്നതായി പ്രിൻസിപ്പൽ പ്രഫ. എം.ബി. ശശിധരൻ, പദ്ധതി ജോയിന്റ് കോഓർഡിനേറ്റർ പ്രഫ. അബ്ദുൽ സലാം എന്നിവർ പറഞ്ഞു.

ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഇ-സാക്ഷരതാ കോഴ്സ് തുടങ്ങാനും ആലോചനയുണ്ട്. 24ന് ഒന്നാം വർഷ ഡിഗ്രി വിദ്യാർഥികളുടെ പ്രവേശന സമയത്തു രക്ഷിതാക്കൾക്കും കോഴ്സ് ഓറിയന്റേഷൻ നൽകും. 9544973993.

Scanned by CamScanner